പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :590 | 03.03. 2020 - ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി

മറുപടി

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ആകെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ഏത് രീതിയിലാണ് ഒഴിവുകൾ നികത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ & ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഉൾപ്പെടുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നും തന്നെയില്ല. ടി തസ്തികയിലെ അനുവദനീയമായ എണ്ണം – 402 ആണ്. എന്നാൽ 511 ജീവനക്കാർ പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി നോക്കിവരുന്നു. അധികമുള്ള ജീവനക്കാരെ ക്യാഷ്യർ ട്രെയിനി/കെയർ ടേക്കർ തുടങ്ങിയ ജോലിയിൽ പുനർ വിന്യസിച്ചിരിക്കുന്നു. സ്പോർട്സ് ക്വോട്ട/ആശ്രിത നിയമനത്തിനുള്ള അപേക്ഷകരിൽ ഭൂരിപക്ഷവും വിവിധ ഉയർന്ന തസ്തികകളിലെ നിയമനത്തിനുള്ള നിശ്ചിത യോഗ്യത ഇല്ലാത്തവരായതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനാലാണ് ഈ തസ്തികയിലെ ജീവനക്കാരുടെ എണ്ണം അധികമാകുന്നത്. |
| (സി) കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള ഏതെല്ലാം തസ്തികകളിലെ ഒഴിവുകളാണ് പി.എസ്.സി.വഴി നികത്താത്തത്; വിശദാംശം ലഭ്യമാക്കുമോ? | (സി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിലുള്ള ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ്, ജൂനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡ്രൈവർ എന്നീ തസ്തികകളിലെ ഒഴിവുകളാണ് പി.എസ്.സി വഴി നികത്താത്തത്. ബോർഡ് ഉത്തരവ് B.O(FB)/No.1831/2012(Estt.V/5763/2012) തീയതി 09/10/2012 പ്രകാരം മുകളിൽ സൂചിപ്പിച്ച തസ്തികകളിലെ ഒഴിവുകളിൽ ആശ്രിതനിയമനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ